**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **09-08-2023 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ സബ് ട്രഷറി പ്രവർത്തനം ആരംഭിച്ചത് ഏതു വർഷമാണ്; പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണോ; എങ്കിൽ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ; | (എ) | 1976-ൽ പ്രവർത്തനം ആരംഭിച്ച നിലമ്പൂർ സബ് ട്രഷറി 21.09.1976 മുതൽ കഴിഞ്ഞ 46 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. |
| (ബി) | നിലമ്പൂർ സബ് ട്രഷറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ലഭ്യമായിരുന്നോ; ഈ സ്ഥലം എന്നാണ് ലഭ്യമായത്; പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്താതിരുന്നതിനാൽ കരാർ വ്യവസ്ഥ പ്രകാരം ഈ സ്ഥലം റവന്യൂ വകുപ്പിലേക്ക് തിരികെ നൽകാമോ; വിശദമാക്കാമോ; | (ബി) | നിലമ്പൂർ സബ് ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലമ്പൂർ വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടായിരുന്ന 12.35 സെന്റ് സ്ഥലത്തിന് ഉപയോഗാനുമതി ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ 20.10.2018 ലെ DCMPM/5813/2017-B3 നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. ഈ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. ഭൂമി കൈമാറി കിട്ടി ഒരു വർഷത്തിനകം കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണമെന്ന് ജില്ലാ കളക്ടറുടെ ഉത്തരവിലുള്ള 5 നിബന്ധനകളിൽ ഒന്നായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണെന്ന് ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ എടവണ്ണ സബ് ട്രഷറി കെട്ടിട നിർമ്മാണം നിർവ്വഹിച്ചത് ഏത് സർക്കാർ ഏജൻസിയാണെന്ന് അറിയിക്കാമോ; നിലമ്പൂർ സബ് ട്രഷറി നിർമ്മാണവും ഇതേ ഏജൻസിയെ തന്നെയാണോ ഏൽപ്പിച്ചിരുന്നതെന്നും എന്തു കാരണങ്ങളാലാണ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയ ശേഷം മേൽ ഏജൻസിയെ പ്രവൃത്തി നിർവ്വഹിക്കുന്നതിൽ നിന്നും മാറ്റി നിർത്തിയതെന്നും അറിയിക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ എടവണ്ണ സബ് ട്രഷറിയിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ഇൻകെൽ ലിമിറ്റഡാണ് നിർവഹിച്ചത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നീണ്ട കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും ഇൻകെൽ ലിമിറ്റഡിന് നൽകിയിരുന്നില്ല. അതിനാൽ നിലമ്പൂർ സബ് ട്രഷറി നിർമ്മാണം ഇൻകെൽ ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായില്ല |
| (ഡി) | നിലമ്പൂർ സബ് ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട് | (ഡി) | ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന നിലമ്പൂർ |

| | | | | |
|---|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | | | ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited – നെ സ.ഉ(സാധാ) നം.5117/2023/ധന തീയതി 05/07/2023 പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ